VOL-5

കുട്ടികളുടെ രചനകൾ





# കുറിപ്പെൻസിൽ

## കുഞ്ഞു മനസ്സിലെ വലിയ ഒച്ചകൾ

Published by

സെന്റ് ജോസഫ്സ് യു.പി സ്കൂൾ കല്ലോടി

# ഉൾത്താളുകളിൽ


ഒലീവിയയുടെ ഓടക്കുഴൽ

എന്റെ ചങ്ക്സ്

വേനൽ മഴ

ആദിമധുരം

ചിലന്തിവല

ജീവിതം വ്യാധിയുടെ കാലത്ത്






പ്രിയമുള്ളവരെ,

കല്ലോടി സെന്റ് ജോസഫ്സ് യു പി സ്കൂളിലെ
വിദ്യാർത്ഥികൾ അവരുടെ മനസിലെ
കഥകളെയും കവിതകളെയും ലേഖനങ്ങളെയും
മറ്റ് രചനകളേയും നിങ്ങൾക്ക് മുൻപിലേക്ക്

## കുറ്റിപ്പെൻസിൽ

എന്ന ഓൺലൈൻ ബുക്കിലൂടെ
അവതരിപ്പിക്കുകയാണ്
ഏവരുടെയും പ്രോത്സാഹനം
അഭ്യർത്ഥിക്കുന്നു

# എന്റെ ചങ്ക്സ്

മൂന്നാം വയസ്സിൽ എന്നോടൊപ്പം കൂടിയതാണ് ഇവൻ. പാട്ടായും കഥയായും കവിതയായും ഇവൻ ഉണ്ട് കൂടെ. എല്ലാവർക്കും വളരെ ഇഷ്ടമാണ് ഇവനെ പല തമാശകളും കടങ്കഥകളും പഴഞ്ചൊല്ലുകളും മറ്റു പല കാര്യങ്ങളും ഇവൻ പറഞ്ഞുതരും. ലോകത്തിലെ ഏതു കാര്യങ്ങൾ അറിയാനും നമുക്ക് ഇവനെ കൂടെ കൂട്ടാം. പല ഭാഷയിലും വലുപ്പത്തിലും നിറത്തിലും എനിക്കവനെ കാണാം. സ്കൂളിൽ ഇവൻ ഇല്ലാതെ പറ്റില്ല സാറിനും മറ്റു കൂട്ടുകാർക്കും ഇവനാണ് താരം. ഏപ്രിൽ 23ന് ലോകം ഇവനെ ഓർക്കും. അറിവിന്റെ ലോക ത്തേക്ക് കൈപിടിച്ചു നടത്തിയ എന്റെ പ്രിയപ്പെട്ട ചങ്ക്സ് 'പുസ്തകങ്ങൾ' ഇനിയും ഒരുപാട് യാത്രയിൽ എന്നോടൊപ്പം എനിക്ക് അറിവ് പകർന്നു നൽകുവാനും അവധിക്കാലത്തെ ബോറടി മാറ്റാനും കൂടെ ഉണ്ടാകും എന്റെ ചങ്ക്സ്.

**ലക്ഷക് കെ. ജി ഗോപാൽ** (4A)

# ചിലന്തിവല

കുട്ടിക്കവിത

പണ്ട് അമ്മ പറഞ്ഞു....
വീട്ടിലിരിക്കൂ, വീട്ടിലിരിക്കൂ
അമ്മ പറഞ്ഞത് അനുസരിച്ചില്ല.
ഒരു കുഞ്ഞൻ വൈറസ് വന്നു.. അനുസരിച്ചു.
നിപ്പ വന്നപ്പോൾ അറിഞ്ഞില്ല
മറ്റൊരു വില്ലൻ പുറകെ വരുന്നുണ്ടെന്ന്...
പിടയുന്നു ലോകം ഒരു ചിലന്തിവലയിൽ......
അവസാനം ഒരു വാക്യം 'അതിജീവനം '

അമൽ കെ ദേവസ്യ (5C)

# അധിമധുരം

മിനിക്കഥ

കുഞ്ഞി മുയൽ ഒരു ദിവസം അവന്റെ കൂട്ടുകാരന്റെ വീട്ടിൽ എത്തി. വന്നപാടെ കുഞ്ഞി മുയൽ പറഞ്ഞു ഇന്നലെ എന്റെ അമ്മാവൻ മൂന്നാറിൽ നിന്നും അതിമധുരമുള്ള ക്യാരറ്റ് കൊണ്ടു വന്നിരുന്നു... എന്നിട്ട്,... ജിക്കു മുയൽ ചോദിച്ചു. എന്നിട്ടെന്താ ആ ക്യാരറ്റ് മുഴുവൻ ആ കള്ളനമ്മാവൻ രാത്രിയിൽ ഇരുന്നു കറുമുറെ തിന്നു തീർത്തു... എടാ ജിക്കു മൂന്നാറിലെ ക്യാരറ്റിന് എന്തു മധുരമാണെന്നോ.. അത് കേട്ടപ്പോൾ ജിക്കു മുയലിന് അരിശം വന്നു.. ഹും മധുരം പോലും ചുമ്മാ ഗമ പറയാതെടാ... അതിനു ഭയങ്കര കയ്പ്പ് ആയിരുന്നു. ഞാൻ എല്ലാം തുപ്പി കളഞ്ഞു. ഇത് കേട്ട് കുഞ്ഞു മുയൽ ജിക്കുവിനെ തുറിച്ചു നോക്കി.. അപ്പോൾ ആണ് ജിക്കുവിന് മണ്ടത്തരം മനസിലായത്, അതോടെ അവൻ അവിടെ നിന്നും ഓടി ഒളിച്ചു. അങ്ങനെ കുഞ്ഞു മുയലിന് മനസ്സിലായി എന്റെ പ്രിയ കൂട്ടുകാരൻ തന്നെയാണ് കള്ളൻ എന്ന്. തന്റെ പാവം അമ്മാവനെ തെറ്റിദ്ധരിച്ചതിൽ കുഞ്ഞു മുയലിന് കുറ്റബോധം തോന്നി.... ആരെയും ഒരിക്കലും കണ്ണടച്ച് വിശ്വസിക്കരുത്....



ജയപ്രിയ. (3B)

# വേനൽ മഴ

വെയിലേറ്റു വാടി തളർന്നുകിടക്കുമീ
ധരണിയെ കോൾമയിർ കൊള്ളിച്ചൊരു മഴയിതാ
മഴയിൽ കോരിത്തരിച്ചൊരു കൊച്ചു പനിനീർചെടി
തലയുയർത്തി മണ്ണിനും വിണ്ണിനും ജീവജാലങ്ങൾക്കും
ആഘോഷമായിത് ... ആനന്ദമായി
ഒരു തുള്ളി വെള്ളത്തിനാഗ്രഹിച്ചിടുന്ന മർത്യൻ
വെയിലേറ്റുവാടി തളർന്നു കിടക്കുന്ന
ധരണിയെ കോൾമയിർ കൊള്ളിച്ചൊരു
മഴ പെയ്തു

ശ്രീനന്ദ സന്തോഷ് (4A)

# ഒലീവിയയുടെ ഓടക്കുഴൽ

ഓമനക്ക് ഒൻപതു ഒട്ടകങ്ങൾ ഉണ്ടായിരുന്നു.

ഒൻപതു ഒട്ടകങ്ങളെയും ഓമനിച്ചാണ്, ഓമന വളർത്തിയിരുന്നത്.

ഒരു ദിവസം ഒൻപതു ഒട്ടകങ്ങളുമായി ഓമന നടക്കാനിറങ്ങി.

ഒൻപതിലൊന്നു ഓമനയെ വിട്ട് ഓടിപ്പോയി.

ഓമനയുടെ ഓമനക്കുഞ്ഞു ഓടക്കുഴൽ എടുത്തു വായിച്ചു.

ഒറ്റക്ക് ഓടിയ ഒട്ടകം ഓട്ടം നിറുത്തി ഓടക്കുഴൽ വായിക്കുന്ന

ഒലിവിയയുടെ അടുത്ത് ഒച്ചയുണ്ടാക്കാതെ തിരിച്ചു ഓടിവന്നു.

ഓമനയും ഇത് കണ്ടു. ഓരോരുത്തർക്കും സന്തോഷമായി.

ഓമനമകൾ ഒലീവിയയെ ഒത്തിരി അഭിനന്ദിച്ചു.



ആൻ മരിയ ജോൺ (3 A)

# ജീവിതം വ്യാധിയുടെ കാലത്ത്

ഒരു കുഞ്ഞൻ വൈറസിന്റെ പിടിയിലാണിന്ന് ലോകം .ചൈനയിലെ വുഹാനിൽ നിന്ന് പൊട്ടിപ്പുറപ്പെട്ട് ലോകമൊട്ടാകെ വ്യാപിച്ചിരിക്കുന്ന ആ കുഞ്ഞൻ വൈറസിന് ഇന്ന് ഈ ലോകത്തിന്റെ ഗതി തന്നെ മാറ്റി മറിക്കാൻ കഴിയും .ഈ ദുരന്തത്തിൽ നിന്നും കരകയറാൻ ഒറ്റക്കെട്ടായി പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ് ലോകം .

ലോകം വീട്ടിനുള്ളിൽ തളക്കപ്പെട്ടപ്പോൾ അതിനിടയിലും , കൊറോണയെപ്പോലും വകവക്കാതെ നമുക്കായി സേവനം ചെയ്യുന്ന ഒട്ടേറെ പേരുണ്ട് .അത് നഴ്സ് യും ,ഡോക്ടറായും ,ആരോഗ്യ പ്രവർത്തക രായും ,പോലീസായും നമ്മുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നുണ്ട് .രാത്രിയെന്നോ പകലെന്നോ നോക്കാതെ അവർ മറ്റുള്ളവരുടെ ആരോഗ്യത്തിനായി കാവൽ നിൽക്കുന്നു .ആരോഗ്യ പ്രവർത്തകർക്കും കോവിഡ് സ്ഥിരീകരിക്കുന്ന തിന്റെ ഗ്രാഫ് ഉയർന്നു കൊണ്ടിരിക്കുന്നു .അതൊന്നും കാര്യമാക്കാതെ നിരന്തരം അവർ നമുക്കായി പോരാടുന്നു .

രാഷ്ട്രങ്ങൾ തമ്മിലുള്ള യുദ്ധത്തിൽ പൊലിയുന്നത് സൈനിക രുടെയും രാജാക്കൻമാരുടെയും ജീവനാണെങ്കിൽ ഇന്ന് ഈ വൈറസ് ജീവൻ കവർന്നെടുക്കുന്നത് ദരിദ്രനെന്നോ പണക്കാരനെന്നോ ഭാവഭേദമില്ലാതയാണ് .ഈ അവസരത്തിൽ ശരിയായ പ്രതിരോധശേഷി കൈവരിക്കുക എന്നത് ആരോഗ്യ പാലനത്തിന്റെയും ചെറുത്തു നിൽപ്പിന്റെയും താക്കോലാണ് . തുടരെ തുടരെ സോപ്പുപയോഗിച്ച് കൈ കഴുകുന്നതും, മാസ്ക് ധരിക്കുന്നതും ,സാമൂഹിക അകലം പാലിക്കുന്നതും നമ്മുടെ ജീവിതത്തിന്റെ ഭാഗമാക്കേ ണ്ടതുണ്ട്. ആരോഗ്യ പ്രവർത്തകരുടെ നിരന്തരമായ ഇടപെടലുകളെ വിഫലമാ ക്കാതെ, അവരുടെ നിർദ്ദേശങ്ങൾ പാലിക്കാൻ നമുക്ക് കടമയുണ്ട്.വീട്ടിൽ ആണെങ്കിലും വ്യക്തി ശുചിത്വവും പരിസര ശുചിത്വവും കൈവരിക്കാം . അതിജീവിക്കാം.... ഈ വ്യാധിയുടെ കാലത്തെ.....വീട്ടിലിരിക്കാം,ആരോഗ്യ ത്തോടെയിരിക്കാം ,നല്ലൊരു നാളേക്കായി ......

അമൽ കെ ദേവസ്യ (5C)




# കുറിപ്പെൻസിൽ

ചെറു മനസ്സിലെ വലിയ ഒച്ചകൾ

An online publication

Designed by :Jishin MJ (sjups kallody)